MATHRUBHUMI 16-02-2016

## കേന്ദ്ര മത്സ്യനയം

# അഭിപ്രായം തേടി അയ്യപ്പൻ കമ്മീഷൻ; കേരളം പ്രതികരിച്ചില്ല

വി.പി. ശ്രീലൻ

**തോപ്പുംപടി:** കേന്ദ്ര മത്സ്യനയ രൂപവത്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച ഡോ. അയ്യപ്പൻ കമ്മീഷൻ, വിവിധ സംസ്ഥാന സർക്കാറുകളുടെ അഭിപ്രായം തേടുന്നതിന് കൊച്ചിയിൽ സിറ്റിങ് നടത്തി.

മഹാരാഷ്ട്ര, ഗോവ, പശ്ചിമബംഗാൾ, ആന്ധ്രപ്രദേശ്, കർണാടക, കേരളം തുടങ്ങിയ സംസ്ഥാനങ്ങളുടെ പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുത്തത്.

കേരളത്തെ പ്രതിനിധീകരിച്ച് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തുവെങ്കിലും, സർക്കാരിന്റെ അഭിപ്രായം പിന്നീട് അറിയിക്കാമെന്ന നിലപാടാണ് സ്വീകരിച്ചത്.

ആഴക്കടലിൽ വിദേശകപ്പലുകളെ അനുവദിക്കുന്നതുൾപ്പെടെ, വിവാദമായ പല വിഷയങ്ങളിലും സർക്കാർ നയം രൂപവത്കരിക്കുന്നതിനായാണ് അയ്യപ്പൻ കമ്മീഷൻ അഭിപ്രായങ്ങൾ തേടുന്നത്. കേരളം ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും, അവരുടെ അഭിപ്രായങ്ങൾ പ്രത്യേക റിപ്പോർട്ടുകളായി കമ്മീഷന് മുന്നിൽ സമർപ്പിക്കുകയായിരുന്നു. അതേസമയം 10 ദിവസത്തിനുള്ളിൽ അഭിപ്രായം അറിയിക്കാമെന്നായിരുന്നു കേരള ഫിഷറീസ് വകുപ്പിന്റെ നിലപാട്.

സംസ്ഥാനത്ത് ബന്ധപ്പെട്ട സംഘടനകളുമായി ചർച്ചചെയ്തശേഷം അഭിപ്രായം സ്വരൂപിക്കുമെന്നും സർക്കാർ കമ്മീഷനെ അറിയിച്ചു. മീനാകുമാരി കമ്മീഷന്റെ ചുവടുപിടിച്ച് കേന്ദ്രസർക്കാർ നിയോഗിച്ച അയ്യപ്പൻ കമ്മീഷന്റെ പരിഗണനാവിഷയങ്ങളും ഉൾപ്പെടെയുള്ള കാര്യങ്ങളും മത്സ്യമേഖലയിൽ ചൂടുപിടിച്ച ചർച്ചകളായിരുന്നു. കമ്മീഷന്റെ നിലപാടുകൾക്കെതിരെ മേഖലയിലെ ട്രേഡ് യൂണിയനുകൾ ശക്തമായ നിലപാടും സ്വീകരിച്ചിരുന്നു.

മുംബൈയിലും, വിശാഖപട്ടണത്തും, കൊച്ചിയിലും നേരത്തെ അയ്യപ്പൻ കമ്മീഷൻ സിറ്റിങ് നടത്തി. കമ്മീഷന്റെ നിർദേശപ്രകാരം സി.എം.എഫ്.ആർ.ഐ. തയ്യാറാക്കിയ ചോദ്യാവലിയും തർക്കങ്ങൾക്കിടയാക്കിയിരുന്നു.

എന്നാൽ, മത്സ്യമേഖലയിൽ ഏറെ വിവാദമുണ്ടാക്കിയ ഈ വിഷയത്തിൽ ചർച്ചകൾക്കോ, അഭിപ്രായ രൂപീകരണത്തിനോ സംസ്ഥാന സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല.

വിദേശകപ്പലുകൾക്ക് ഇന്ത്യൻ കടലിൽ മീൻപിടിക്കുവാൻ അനുമതി നൽകുന്നതിനെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികൾ എതിർത്തിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളെല്ലാം രേഖാമൂലം തന്നെ ഈ അഭിപ്രായങ്ങൾ കമ്മീഷനെ അറിയിച്ചിട്ടുമുണ്ട്.

നേരത്തെ മുംബൈയിലും, ചെന്നൈയിലും തൊഴിലാളികളുമായി കമ്മീഷൻ ചർച്ച നടത്തിയപ്പോഴും തൊഴിലാളികളുടെ ഭാഗത്തുനിന്ന് വിദേശകപ്പലുകൾക്കെതിരെ ശബ്ദമുയർന്നിരുന്നു.